**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** — **08-08-2023 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. നജീബ് കാന്തപുരം, ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്ല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തെരുവുനായ്ക്കളെ പിടികൂടി ജനനനിയന്ത്രണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തെരുവു നായ്ക്കളുടെ ജനന നിയന്ത്രണ പരിപാടിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ട്. നിലവിലെ കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചാണ് നടന്നു വരുന്നത്. അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ഇല്ലാത്തതിനാൽ 2021 ൽ കോടതി ഉത്തരവു പ്രകാരം കുടുംബശ്രീയെ ഈ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ സംസ്ഥാനത്ത് 22 കേന്ദ്രങ്ങളിലാണ് എബിസി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ളത്. പുതിയതായി 14 എബിസി കേന്ദ്രങ്ങളുടെ നിർമ്മാണം നടന്നു വരുന്നു. പൊതുജനങ്ങളുടെ എതിർപ്പ് മൂലം എബിസി കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കാത്ത സാഹചര്യവുമുണ്ട്. 01.04.2022 മുതൽ 31.05.2023 വരെയുള്ള 14 മാസം കൊണ്ട് സംസ്ഥാനത്ത് 18,852 തെരുവുനായ്ക്കളെ വന്ധീകരിച്ചിട്ടുണ്ട്. 2023 ലെ ഭേദഗതി ചെയ്ത എബിസി റൂൾ പ്രകാരം സിസിടിവി, ഇൻസിനറേറ്റർ, എന്നിവ അടക്കമുള്ള ഏറെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന സൗകര്യങ്ങളും ഒരു എബിസി കേന്ദ്രത്തിൽ തയ്യാറാക്കേണ്ടതുണ്ട്. എബിസി ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർ 2000 എബിസി സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം. ഇതുമൂലം പുതുതായി വരുന്ന വെറ്ററിനറി ഡോക്ടർമാരെ എബിസി കേന്ദ്രങ്ങളിൽ നിയമിക്കുന്നതിന് തടസ്സമുണ്ടാകുന്നു. ഇത് എബിസി കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എബിസി പദ്ധതികൾ, പുതുക്കിയ എബിസി റൂൾ പ്രകാരം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള Project Recognition Committee യുടെ അംഗീകാരത്തോടു കൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ. Project Recognition Committee യുടെ അംഗീകാരമില്ലാതെ ഒരു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എബിസി പദ്ധതി എറ്റെടുക്കാൻ പാടുള്ളതല്ല എന്ന് പുതുക്കിയ എബിസി റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | തെരുവുനായ്ക്കളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | സർക്കാർ വെറ്ററിനറി ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചു കൊണ്ടു കരാറടിസ്ഥാനത്തിൽ വെറ്ററിന ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, മൃ പരിപാലകർ എന്നിവരെ നിയോഗിച്ചു കൊണ്ടു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സ പദ്ധതി നടപ്പിലാക്കി വരുന്നു. 26.07.2022 ന നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനത കോ-ഓർഡിനേഷൻ കമ്മിറ്റി ഇതു സംബന്ധി വിശദമായി ചർച്ച ചെയ്ത് തീരുമാന എടുക്കുകയും 23.08.2022 ന് തദ്ദേശ സ്വയംഭരണ വകുപ്പ് സ.ഉ(സാധാ) നമ്പ 2065/2022/LSGD ആയി ഉത്തര പുറപ്പെടുവിക്കുകയുണ്ടായി. പുതിയ 14 ABC കേന്ദ്രങ്ങൾ കണ്ടെത്തി. ആയവയുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ് ജനങ്ങളുടെ പ്രതിഷേധം കാരണം ABC കേന്ദ്രങ്ങൾ തുടങ്ങാൻ സാധിക്കാത്ത സാഹചര്യവും നിലവിലുണ്ട്.<br><br>തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ABC കേന്ദ്രങ്ങൾ ഉടൻ പ്രവർത്തന സജ്ജമാക്കുന്നതിന് സ്ഥലസൗകര്യമുള്ള മൃഗാശുപത്രികളിൽ വന്ധ്യംകരണ കേന്ദ്രങ്ങ തുടങ്ങുന്നതിനും ആയതിനാവശ്യമായ തുക തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. മേൽ പറഞ്ഞവ കൂടാതെ സംസ്ഥാനത്ത |

| | | | |
|---|---|---|---|
| | | | തെരുവുനായ്ക്കളുടെ ആക്രമണവു പേവിഷബാധയും നിയന്ത്രണ വിധേയമാക്കുന്നതിലേക്കായി 15.09.2022 ലെ സ.ഉ (സാധാ)2224/2022/ത.സ്വ.ഭ.വ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ തന്നെ പ്രസ്തുത വിഷയം കൈകാര്യ ചെയ്യുകയും പ്രതിരോധ പരിപാടികള ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷന ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ട മുഴപ്പിലങ്ങാട് നിഹാലിന്റെ കുടുംബത്തിന് നൽകിയിട്ടുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ട മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സ.ഉ (കൈ) 148/2023/ആർ.ഡി ഉത്തരവ് പ്രകാരം 10 ലക്ഷം (പത്ത് ലക്ഷം) രൂപ അനുവദിച്ച ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ